# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അകത്തേത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ (പി.കെ.ഡി) പി 14/1417/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അകത്തേത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ (പി.കെ.ഡി) പി 14/1417/23 തീയ്യതി: 18/10/2023

## പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2023 മുതൽ 04-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത.യു ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷീജ വി.ആർ സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കാർത്തിക.പി സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലിക്സി അലക്സ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുനിത | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| അനന്തകൃഷ്ണൻ | | | |
| ശ്രീമതി പ്രീത പി.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിൻസ്റ്റൻ ഡിസൂസ | അസി.സെക്രട്ടറി | 01-04-2022 | 12-12-2022 |
| ശ്രീ മധു പി.കെ | അസി.സെക്രട്ടറി | 13-12-2022 | 31-03-2023 |
| ഡോ. കേശവപ്രസാദ്. എൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. രാമകൃഷ്ണൻ പി.എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 04-05-2022 |
| ഡോ. ശ്രുതി എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 05-05-2022 | 31-03-2023 |
| ഡോ.അശ്വതി. എം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി മീനാക്ഷിക്കുട്ടി കെ.എം | ഐ. സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| ശ്രീമതി അനിത.എസ് | ഐ. സി.ഡി.എസ് സൂപ്പർവൈസർ | 01-06-2022 | 31-03-2023 |
| ശ്രീമതി ശ്രുതി.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ഹരിസെന്തിൽ എം | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ മഞ്ജുഷ് ജോസഫ് | വി.ഇ.ഒ 1 | 01-04-2022 | 08-04-2022 |
| ശ്രീമതി സുജിഷ കെ | വി.ഇ.ഒ 1 ഇൻചാർജ് | 09-04-2022 | 23-06-2022 |
| ശ്രീമതി ദിവ്യ വി.എസ് | വി.ഇ.ഒ 1 | 24-06-2022 | 31-03-2023 |
| ശ്രീ മഞ്ജുഷ് ജോസഫ് | വി.ഇ.ഒ 2 ഇൻചാർജ് | 01-04-2022 | 08-04-2022 |
| ശ്രീമതി സുജിഷ കെ | വി.ഇ.ഒ 2 ഇൻചാർജ് | 09-04-2022 | 04-08-2022 |
| ശ്രീമതി സിൻസി കെ.പി | വി.ഇ.ഒ 2 | 05-08-2022 | 31-03-2023 |
| ശ്രീമതി ദീപ്തി എസ് | കൃഷി ഓഫീസർ | 01-04-2022 | 26-09-2022 |
| ശ്രീ സുഭാഷ് എം.എൻ | കൃഷി ഓഫീസർ | 27-09-2022 | 31-03-2023 |
| ശ്രീ.അജിത് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേഷൻ | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അപാകതകൾ | 1-1-2 |
| 4 | മൂന്നുമാസകാലാവധിക്ക് ശേഷമുള്ള ചെക്കുകൾ വരവിൽ ഉൾപ്പെടുത്തേണ്ടതാണ് | 1-1-3 |
| 5 | ലൈബ്രറി വരവ് –വാർഷിക കണക്ക് കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് കൈമാറിയ തുക - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | പൂർത്തീകരിച്ച ആസ്തികളുടെ ചെലവ് വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(e)യിൽ പ്രതിഫലിക്കുന്നില്ല. | 1-1-7 |
| 9 | ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം കൃത്യമല്ല | 1-1-8 |
| 10 | ഡിപ്രീസിയേഷൻ നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല | 1-1-9 |
| 11 | ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമല്ല | 1-1-11 |
| 13 | കൺടിൻജന്റ് ചെലവ് -ഷെഡ്യൂൾ I-12- ബിൽ രജിസ്റ്ററിൽ നിന്നും വ്യത്യസ്തം | 1-1-12 |
| 14 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നു | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | സാമൂഹ്യ സുരക്ഷ പെൻഷൻ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11 |
| 25 | രജിസ്ട്രേഷൻ കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |

| | | |
|---|---|---|
| 26 | വസ്തുനികുതി - അവലോകനം | 1-13 |
| 27 | ഇ- ടെണ്ടർ ഫീ- പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-14 |
| 28 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ് | 1-15 |
| 29 | ക്ഷീരകർഷകർക്ക് പാൽ വില ഇൻസെന്റീവ് പ്രൊജക്ട്-ഭാഗികമായ കാലയളവിൽ മാത്രം തുക നല്കി | 1-16 |
| 30 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-17 |
| 31 | തെരുവ് വിളക്കിന് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ് | 1-18 |
| 32 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 33 | പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം - വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 34 | സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം - അപാകങ്ങൾ | 1-21 |
| 35 | വാഹനത്തിന്റെ വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നത് | 1-22 |
| 36 | എ.ബി.സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 37 | കന്നുകുട്ടി പരിപാലനം -ജനറൽ - വനിത - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 38 | സ്റ്റോക്കിലെടുത്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല | 1-25 |
| 39 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി | 1-26 |
| 40 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ -ഉപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 1-27 |
| 41 | കുരുമുളക് തൈ വിതരണം - വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 42 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-29 |
| 43 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-30 |
| 44 | പദ്ധതിയുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കിയില്ല – പ്രവൃത്തി പൂർത്തീകരണ കാലതാമസം | 1-31 |
| 45 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-32 |
| 46 | ഇ-ടെണ്ടർ ഫീ - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 75010/- രൂപ തനത് ഫണ്ടിലേക്ക് അടവാക്കി | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തി | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കേഷൻ

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 3 -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023- ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

   വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

   അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി : 18/10/2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ്

ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അപാകതകൾ

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1512777.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16206928.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 മൂന്നുമാസകാലാവധിക്ക് ശേഷമുള്ള ചെക്കുകൾ വരവിൽ ഉൾപ്പെടുത്തേണ്ടതാണ്

31-3-2023 ലെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം അകത്തേത്തറ സർവ്വീസ് സഹകരണ ബാങ്കിന്റെ (തനത് ഫണ്ട് അക്കൗണ്ട് നം-102100010000344) താഴെപ്പറയുന്ന ചെക്കുകൾ മൂന്നു മാസക്കാലാവധിക്കു ശേഷവും വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വൗച്ചർ നം. | ഇൻസ്ട്രുമെന്റ് ഡേറ്റ് | തുക |
|---|---|---|
| 21901108 | 1-2-2020 | 16500 |
| 21901078 | 27-01-2020 | 4000 |
| 32000185 | 21-10-2020 | 500 |
| 21901105 | 1-2-2020 | 9041 |
| 3 | 30-4-2020 | 33540 |
| 120040500024 | 9-9-2020 | 1250 |
| 119040500060 | 15-2-2020 | 18530 |
| 120040500015 | 3-9-2020 | 8750 |
| 119040500063 | 15-2-2020 | 2500 |
| 120040500023 | 26-8-2020 | 10000 |
| 119040500061 | 15-2-2020 | 2500 |
| - | 31-10-2021 | 5000 |

ആയത് സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണ(നം.7/9-8-23)ത്തിന് മറുപടിയായി, വരവ് വയ്ക്കാത്തതായി കാണുന്ന മേൽ ചെക്കുകൾ യഥാർത്ഥത്തിൽ വരവ് വയ്ക്കാത്തവ അല്ലെന്നും, സാംഖ്യ ഐ.എൽ.ജി.എം.എസിലേക്ക് മാറ്റിയസമയം വന്ന പിഴവാണെന്നും ഉടൻ തന്നെ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-1-4 ലൈബ്രറി വരവ് –വാർഷിക കണക്ക് കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

22-23 വാർഷിക കണക്ക് പ്രകാരം Receipts From Libraries എന്നത് 3010 രൂപയാണ്. എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം വരവ് 3150 രൂപയാണ്. വരവ് യഥാസമയം ഒടുക്കാത്തതിനാൽ ആയത് വാർഷിക കണക്കിൽ പ്രതിഫലിച്ചില്ല.

### 1-1-5 നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് കൈമാറിയ തുക - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് തൻവർഷം കൈമാറിയ തുക- 525111/-രൂപയുടെ വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ലെന്നിരിക്കെ വാർഷിക കണക്ക് ബാലൻസ് ഷീറ്റിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം B-18 Advance To Implementing Agencies 460500202- എന്ന ഹെഡ്ഡ് ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ ആസ്തി ശീർഷകത്തിൽ B-11(e)- Capital Expenses (Infrastructure Sector) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിക്ഷേപ പ്രവൃത്തികൾക്ക് പ്രത്യേക രജിസ്റ്റർ

സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11(e) യിൽ ഉൾപ്പെടുത്തിയ (Head-415100001-Line Extension For Street Lights) കാണിച്ചിട്ടുള്ള 1504817/-രൂപ യിൽ വിനിയോഗ വിവരം ലഭ്യമല്ലാത്ത തുകകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

### 1-1-6 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-1-7 പൂർത്തീകരിച്ച ആസ്തികളുടെ ചെലവ് വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(e)യിൽ പ്രതിഫലിക്കുന്നില്ല.

തൻവർഷം പൂർത്തീകരിച്ച ആസ്തികളുടെ ചെലവ് വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(e) യിൽ പ്രതിഫലിക്കുന്നില്ല. B-11(e) യിൽ 2021-22 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള മൂല്യം തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഉദാ- അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതി-

പ്രൊജക്റ്റ് നം - S028/23 – സൂര്യ നഗർ കൾവർട്ട്

ചെലവ് - 601861 B-11(e) പ്രകാരം ആയത് 798486/- രൂപയാണ്(Head- 415110401) .

7.B-11(e) യിൽ ഉൾപ്പെടുത്തിയ (Head-415100003- Street Lights)-തൻവർഷത്തെ ചെലവായ 297497 രൂപ മാത്രമാണ് പ്രതിഫലിക്കുന്നത്. നാളിതുവരെയുള്ള Capital Expenses ഉൾപ്പെട്ടിട്ടില്ല.

### 1-1-8 ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം കൃത്യമല്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം - B3- Reserves – Capital Contribution - 25919130/-, B-11- Fixed Assets- 6675987/-, B-11(b)-Capital Work In Progress -1942847/-. Ledger Report പരിശോധിച്ചതിൽ Fixed Assets(Head – 450100101), Capital Contribution (Head -312109901) എന്നിവക്ക് 1.04.2020 മുതൽ 31.03.2023 വരെയുള്ള മൂല്യമാണ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
ഇതേ മൂല്യമാണ് 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-9 ഡിപ്രീസിയേഷൻ നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) – Accumulated Depreciation നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിലെ മൂല്യം തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-10 ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

### 1-1-11 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമല്ല

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കിലെ RP-4- Fees & User Charges പ്രകാരം ആകെ തുക 873933/-രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 1180689/-രൂപയുമാണ്.

### 1-1-12 കണ്ടിൻജന്റ് ചെലവ് -ഷെഡ്യൂൾ I-12- ബിൽ രജിസ്റ്ററിൽ നിന്നും വ്യത്യസ്തം

കണ്ടിൻജന്റ് ചെലവുകൾ -ഷെഡ്യൂൾ I-12-Operations & Maintenance -Electricity Charges For Street Lights (Head-230100101)- 1903742/-. ആയത് ബിൽ രജിസ്റ്റർ പ്രകാരം 1917756/- രൂപ ആണ്.

1-1-13 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നു

സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭ്യമായ താഴെ പറയുന്ന ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ വിനിയോഗിക്കാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മലമ്പുഴ | 2015-16 | 59890 | പാലിയേറ്റീവ് കെയർ | 0 | 59890 |
| | 2017-18 | 319966 | ലൈഫ് മിഷൻ | 0 | 319966 |
| | 2017-18 | 40400 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 40400 |
| | 2015-16 | 200000 | സംയുക്ത ഭവനം-വനിത | 0 | 200000 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2017-18 | 175180 | ലൈഫ് മിഷൻ | 0 | 175180 |

സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017/ഫിൻ /തീയതി 23.01.2017 പ്രകാരം പ്രൊജക്ട് നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി, ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്. സംയുക്ത പദ്ധതികളുടെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-2/8.08.23) ലൈഫ് ഭവന പദ്ധതിക്ക് ലഭ്യമായ വിഹിതം വിനിയോഗിക്കുന്നതാണെന്നും, മറ്റ് വിഹിതങ്ങൾ തിരികെ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-2 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 22-03-22തീയതിയിലെ യോഗ തീരുമാനം നം. 2, പഞ്ചായത്ത് ഭരണ സമിതിയുടെ 23.03.22 തീയതിയിലെ യോഗ തീരുമാനം നം.1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 14090035 |
| തൻവർഷം വരവ് | 88344397 |
| ആകെ | 102434432 |
| ചെലവ് | 86228530 |
| നീക്കിയിരിപ്പ് | 16205902 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 09-03-23തീയതിയിലെ യോഗ തീരുമാനം നം.2, പഞ്ചായത്ത് ഭരണ സമിതിയുടെ 16.03.23 തീയതിയിലെ യോഗ തീരുമാനം നം. 1/1(2) എന്നിവ പ്രകാരം ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 18626463 |
| തൻവർഷം വരവ് | 89924397 |
| ആകെ | 108550860 |
| ചെലവ് | 91803530 |
| നീക്കിയിരിപ്പ് | 16747330 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24024400 |
| വരവ് | 41245659 |
| ആകെ | 65270059 |
| ചെലവ് | 42758436 |
| നീക്കിയിരിപ്പ് | 22511623 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 15024989 | 15024989 | 14681766 | 343223 |
| വികസനഫണ്ട് - എസ്.സി.പി | 0 | 8431531 | 8431531 | 7577212 | 854319 |
| വികസനഫണ്ട് - ടി.എസ്.പി | 0 | 5035480 | 5035480 | 1218844 | 3816636 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 62256000 | 62256000 | 597014 | 61658986 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5891000 | 5891000 | 3644532 | 2246468 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 2363502 | 4523769 | 6887271 | 1700879 | 5186392 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 3989337 | 3989337 | 1141773 | 2847564 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് | 1000422 | 3014000+ 203240 | 4217662 | 2436171 | 1781491 |

| | | | | | |
|---|---|---|---|---|---|
| -ഗ്രാന്റ്- ബാങ്ക് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 267308 | 267308 | 0 | 267308 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1475160 | 1339526 | 2814686 | 895448 | 1919238 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 53 | 1076355 | 1076408 | 1075679 | 729 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 17708278 | 17708278 | 17708278 | 0 |
| ആകെ | 53 | 18784633 | 18784686 | 18783957 | 729 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 2000000 | 0 | 2000000 | 1620000 | 380000 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| (Performance Based Incentive) | 2107568 | 0 | 2107568 | 379000 | 1728568 |
| Health Grant | 0 | 81374 | 81374 | 18670 | 62704 |
| Health Grant (Towards Diagnostic Infrastructure To The PHCs | 208161 | 3178 | 211339 | 207626 | 3713 |
| Bio Diversity | 0 | 300000 | 300000 | 245070 | 54930 |
| Anganawadi Fund | 2320000 | 0 | 2320000 | 1160000 | 1160000 |

* വികസന ഫണ്ട് (ജനറൽ) - ഇതിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 3832293/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല.

**വികസന ഫണ്ട് (എസ്.സി.പി) - ഇതിൽ ജി.ഒ പ്രൊജക്ടായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിന്റെ ആകെ തുക 1295563/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

വികസന ഫണ്ട് (ജനറൽ) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക3832293 /- രൂപ . വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് നെഗറ്റീവ്

ആണ്.

വികസന ഫണ്ട് (എസ്.സി.പി) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്ടുകളായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ആകെ തുക 1295563 /- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് നെഗറ്റീവ് ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 93758434 | 153 | 44322397 | - | 53 | 74 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 74% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 47% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 3777050 | 3135738 | 83 |
| വെറ്ററിനറി സർജ്ജൻ | 11 | 11 | 3647750 | 2735250 | 75 |
| മെഡിക്കൽ ഓഫീസർ-PHC | 16 | 16 | 2729035 | 1950169 | 71 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 6 | 6 | 1140000 | 1139833 | 99.9 |
| വി.ഇ.ഒ 1 | 9 | 7 | 16736067 | 5207410 | 31 |
| വി.ഇ.ഒ 2 | 11 | 9 | 14098892 | 3076925 | 46 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 13 | 5815450 | 5055581 | 87 |
| സെക്രട്ടറി | 31 | 25 | 9651294 | 8025707 | 83 |
| അസി.സെക്രട്ടറി | 15 | 13 | 4326151 | 3804504 | 88 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 24 | 29097065 | 8203128 | 28 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 475000 | 448792 | 94 |
| ഹെഡ്മാസ്റ്റർ | 23 | 20 | 2264680 | 1539360 | 68 |
| ആകെ | 206 | 153 | 93758434 | 44322397 | 47 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 53 | 1076355 | 1076408 | 1075679 | 729 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ | 0 | 17708278 | 17708278 | 17708278 | 0 |

| | | | | | |
|---|---|---|---|---|---|
| വേതനം | | | | | |
| ആകെ | 53 | 18784633 | 18784686 | 18783957 | 729 |

## 1-7 സാമൂഹ്യ സുരക്ഷ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2351400 | 215 |
| 2 | വിധവാ പെൻഷൻ | 10285800 | 946 |
| 3 | വാർദ്ധക്യകാല പെൻഷൻ | 21404400 | 2048 |
| 4 | വികലാംഗ പെൻഷൻ | 2953400 | 273 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 764600 | 74 |
| 6 | തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5-8-2023 തീയതിയിൽ 2.45 P.m. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6002 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 17.09.2022 പ്രാബല്യത്തിൽ 09.09.2025 വരെ പുതുക്കി ലഭ്യമായിട്ടുണ്ട്. പൗരാവകാശ രേഖ 2022ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ILGMS സംവിധാനം ആദ്യഘട്ടത്തിൽത്തന്നെ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.തൻവർഷം തനത് ഫണ്ട് രേഖകളെല്ലാം കൈകാര്യം ചെയ്തിട്ടുള്ളത് ILGMS സംവിധാനത്തിലൂടെയാണ്. അക്കൗണ്ടിംഗ്, ഫയൽഫ്ലോ എന്നിവയും ILGMS മുഖേനയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. 14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ്ങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ രേഖ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്.

തൻവർഷത്തെ പർച്ചേസുകൾക്കായി വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. എല്ലാ പർച്ചേസുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ആസ്തി വിവരം കാലികമാക്കൽ

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വാർഡുകളിലുമുള്ള റോഡുകൾ, കെട്ടിടങ്ങൾ , കൾവർട്ടുകൾ, ഡ്രെയ്നേജുകൾ എന്നിവ ഉൾപ്പെടെയുള്ള ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ച് ആയതിന്റെ വെരിഫിക്കേഷൻ ,ഡിജിറ്റലൈസേഷൻ നടപടികൾ ജില്ലാ

തലത്തിൽ നടപ്പാക്കി വരുന്നുണ്ട്.

കുടിവെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

4-11-2014 മുതൽ 22-11-2014 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2009-10 മുതൽ 2013-14 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 29-11-2022 ന് നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ 10/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

### 1-11 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

താഴെപ്പറയുന്ന അക്കൗണ്ടുകളിൽ തൻവർഷം ഇടപാടുകൾ നടന്നിട്ടുള്ളതായി കാണുന്നില്ല. ആയവ ക്ലോസ് ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. |
|---|---|---|
| 1 | ഇന്ത്യൻ ബാങ്ക് | 958513990 |
| 2 | അകത്തേത്തറ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 5570 |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 10733185381 |
| 4 | യൂണിയൻ ബാങ്ക് | 478902010200895 |

മേൽ വിഷയം സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ(നം.7/9-8-2023)ത്തിന് മറുപടിയായി, പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനത്തിന്റെ (തീരുമാനം നം.15/29-3-23 )അടിസ്ഥാനത്തിൽ ടി അക്കൗണ്ടുകൾ ഉടൻ തന്നെ ക്ലോസ് ചെയ്യുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

### 1-12 രജിസ്ട്രേഷൻ കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ആക്റ്റ് 270ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ അകത്തേത്തറ ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെക്കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനഉടമ | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 4/324 | പ്രവീണ കൃഷ്ണൻ .ടി | PR മെഡി ലബോറട്ടറി | 500 |
| 2 | 17/525 | ഡോ.സലീന റസാഖ് | MS ഹോമിയോ പ്പതിക് മെഡിക്കൽ സെൻറ്റർ | 1000 |
| 3 | 10/251(3) | സെക്രട്ടറി,അകത്തേത്തറ സർവ്വീസ് സഹകരണ ബാങ്ക് | നീതി മെഡിക്കൽ ലാബ് | 1000 |
| 4 | 10/155(3) | ഷഹീർ ഹംസ | ശ്രദ്ധ ഹെൽത്ത് കെയർ ലബോറട്ടറി | 500 |

| | | | | |
|---|---|---|---|---|
| 5 | 11/539(2) | രോഹിണി.കെ. | Dr.രോഹിണീസ് ഡെൻറ്റൽ സ്ക്വയർ | 500 |

പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് അന്വേഷണം നം.8/9-8-2023 നല്കിയിരുന്നു. ആയതിന് മറുപടിയായി, നാളിതുവരെ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിച്ചുവരുന്ന മേൽ പ്രസ്താവിച്ച അഞ്ചു സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനായി 10-8-2023 തിയതിയിൽ കത്ത് നല്കിയിട്ടുണ്ടെന്നും ഉടൻ തന്നെ രജിസ്ട്രേഷന് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമനം. (4) ശ്രദ്ധ ഹെൽത്ത് കെയർ ലബോറട്ടറി 31-3-2023 മുതൽ പ്രവർത്തനരഹിതമാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തനമാരംഭിക്കുന്ന ഏതൊരു സ്വകാര്യആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്നുറപ്പാക്കേണ്ടതാണ്. അഞ്ചു സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ നഷ്ടമായ 1000 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി - അവലോകനം

22.03.2023 ലെ സ.ഉ(കൈ)നം.77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയവ സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം ഇപ്രകാരമാണ്. 29-4-23 തിയതിയിലെ 11(2)-ാംനം.തീരുമാനപ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച കരട് വിജ്ഞാപനം പത്രമാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ആക്ഷേപങ്ങളോ പരാതികളോ ലഭ്യമാകാത്തതിനാൽ പഞ്ചായത്തിന്റെ 30-6-2023 തിയതിയിലെ 2(1) ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് പരിധിയിലെ വസ്തുനികുതിപരിഷ്കരണം സംബന്ധിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ട്.

05.04.2023 ലെ സ.ഉ(അച്ചടി)നം.25/2023/LSGD നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 479/2023 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും (01.04.2023) സർക്കാർ നിശ്ചയിച്ചിരുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വിജ്ഞാപനം പ്രകാരം ഉപയോഗക്രമങ്ങൾക്ക് ബാധകമായ നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. ആയതിനുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.11-10-8-23)മറുപടിയായി, അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച അപ്ഡേഷൻ സഞ്ചയ സോഫ്റ്റ്വെയറിൽ വന്നിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്.

സേവനഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 26 സേവന ഉപനികുതി ചുമത്തൽ പ്രകാരം ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽനിന്ന് പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ചുമത്താവുന്നതാണ്. ചട്ടം 27 പ്രകാരം സേവന ഉപനികുതിനിരക്കുകൾ താഴെക്കൊടുത്തിരിക്കുന്ന നിരക്കുകളിൽ കുറവായിരിക്കാൻ പാടുള്ളതല്ല.

എ.)ശുചിത്വപരിപാലനം -കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 4 ശതമാനം

ബി.)ജലവിതരണം-കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 3 ശതമാനം

സി.)തെരുവുവിളക്കുകൾ- കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 2 ശതമാനം

ഡി.)ഡ്രെയിനേജ് -കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 1 ശതമാനം

അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിപരിശോധനയിൽ 10 ശതമാനം എന്ന നിരക്കിലാണ് സേവന

ഉപനികുതി ഈടാക്കുന്നത്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്കാണ് ഉപനികുതി 10 ശതമാനം എന്ന തോതിൽ ഈടാക്കുന്നത്. തൻ വർഷം 497686 രൂപയാണ് വാർഷികധനകാര്യ പത്രിക പ്രകാരം ഈടാക്കിയിരിക്കുന്നതായി വ്യക്തമായിരിക്കുന്നത്.

### 1-14 ഇ- ടെണ്ടർ ഫീ- പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

അസി. എഞ്ചിനീയർ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ സാമ്പത്തിക വർഷത്തെ വരവ് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

### 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്

മുൻവർഷങ്ങളിലെ കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | ഡെപ്പോസിറ്റ് പ്രാബല്യത്തിലുള്ള തീയതി |
|---|---|
| സപ്ലൈയേഴ്സ് എസ്.ഡി | 2011-12 മുതൽ |
| സപ്ലൈയേഴ്സ് ഇ.എം.ഡി | 04.10.2009 |
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 14.10.08 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 06.10.16 |
| കോൺട്രാക്ടേഴ്സ് എസ്.ഡി | 03.05.10 |
| കോൺട്രാക്ടേഴ്സ് റിടെൻഷൻ | 01.02.16 |
| അദർ ഡെപ്പോസിറ്റ്സ് | 01.07.95 |

തുകകൾ മുതൽക്കൂട്ടുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് ടി വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 29/16.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിന് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-16 ക്ഷീരകർഷകർക്ക് പാൽ വില ഇൻസെന്റീവ് പ്രൊജക്ട്-ഭാഗികമായ കാലയളവിൽ മാത്രം തുക നല്കി

ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2022-2023 വർഷത്തിൽ അകത്തേത്തറ ഗ്രാമപഞ്ചായത്ത് ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് അനുവദിക്കൽ എന്ന പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള ക്ഷീരസംഘങ്ങളിൽ നിന്ന് പാലളക്കുന്ന എല്ലാ ക്ഷീര കർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ വീതം ധനസഹായം നല്കുന്നതിനാണ് ഈ പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. സംഘങ്ങളുടെ കീഴിലുള്ളവർക്കു 2022 ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ മാത്രമെ ആനുകൂല്യം നൽകിയിട്ടുള്ളൂ എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് : 195/23 - ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് അനുവദിക്കൽ

നിർവഹണോദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 400000 രൂപ (വികസന ഫണ്ട് -പൊതുവിഭാഗം സാധാരണവിഹിതം -300000 രൂപ)

ബ്ലോക്ക് പഞ്ചായത്ത്- 50000 രൂപ

ജില്ലാ പഞ്ചായത്ത് - 50000 രൂപ
ചെലവ് – 400000 രൂപ
(ബിൽ നം.2/16-3-23 -50000 രൂപ
ബിൽ നം.3/18-3-23-50000 രൂപ
ബിൽ നം.6/28-3-23–100281 രൂപ
ബിൽ നം. 7 / 27- 3-23 - 199719 രൂപ)

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ

ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രോജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു. ആയതിന്റെ കാരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/14-8-2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യം ലഭിക്കത്തക്കരീതിയിൽ (12 മാസവും) പ്രോജക്റ്റ് ആസൂത്രണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-17 സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

കേരള സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. പേര് | 225/23, സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറൽ |
| അടങ്കൽ | ₹ 50000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹ 50000/- |
| ബിൽ നം. തീയതി | 19/28.02.2023 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഏറ്റെടുത്തിട്ടുള്ള മേൽ പ്രൊജക്റ്റ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (എൻക്വയറി നമ്പർ 4/09.08.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-18 തെരുവ് വിളക്കിന് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ആയി 1917756/- രൂപ പ്രതിവർഷം അടവാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ 1610099/-രൂപയും 2020-21 വർഷത്തിൽ 2036550/-രൂപയും ആയിരുന്നു പ്രതിവർഷ വൈദ്യുതി ചാർജ്. (കണ്ടിൻജന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം) തെരുവ് വിളക്ക് സാധനസാമഗ്രികൾ വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ 27) 20 W LED ബൾബുകൾ 1800 എണ്ണം വാങ്ങിയിട്ടുണ്ടെങ്കിലും അവ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പഞ്ചായത്തും കെ.എസ്.ഇ.ബിയും നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംയുക്ത പരിശോധന നടത്തിയതിന്റെ ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണം, തെരുവു വിളക്കുകളുടെ ഇനം എന്നിവയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഡിമാന്റിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടോ. ലഭ്യമാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിൽ വാർഡുകൾ തിരിച്ചുള്ള ഇലക്ട്രിക് പോസ്റ്റ് നമ്പരുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവു വിളക്കുകളുടെ എണ്ണം, ഇനം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയ് ന്റനൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എല്ലാ വാർഡുകളിലും മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തി ഓരോ മീറ്ററിങ്ങ് പോയിന്റിനും പ്രത്യേകം കൺസ്യൂമർ നമ്പർ അനുവദിച്ചതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 6/09.08.2023) മേൽ സൂചിപ്പിച്ച വസ്തുതകൾ ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ഇ.ബി അസി.എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയിരിക്കുന്നത്.

1-19 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നം. പേര് | 6/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | ₹ 525638/-(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 525111/- |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട "വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ" എന്ന പദ്ധതിക്കായി കെ എസ് ഇ ബി ഒലവക്കോട് സെക്ഷന്റെയും കെ എസ് ഇ ബി മലമ്പുഴ സെക്ഷന്റെയും പരിധിയിൽ വരുന്ന വിവിധ വാർഡുകളിലെ ലൈൻ എക്സ്റ്റൻഷൻ പ്രവ്യത്തിക്കായി തുക കൈമാറിയിട്ടുണ്ട്. പ്രവ്യത്തി പൂർത്തീകരണം സംബന്ധിച്ച വിവരം /ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ഏജൻസിയുമായുള്ള കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (എൻക്വയറി നമ്പർ 9/09.08.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-20 പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം - വിശദാംശം ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 219 പൊതു കുടിവെള്ള ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കിവരുന്നത്. 2022-23 വർഷം പ്രതിമാസം 105631/- രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടവാക്കിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പ് വരുത്തിയതിന്റെയും, പ്രവർത്തിക്കാത്തവ ഡിസ്മാന്റിൽ ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (എൻക്വയറി നമ്പർ : 10/10.08.2023) പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി എസ്റ്റിമേറ്റ് അനുവദിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

## 1-21 സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2022-23 വർഷങ്ങളിലെ മരണ രജിസ്റ്റ റുകളും അനുബന്ധഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി. കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1)പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു.

2022-23 വർഷങ്ങളിലെ രണ്ട് വോള്യം മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി/ പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ടതിനുശേഷം തുക കൈമാറിയ മാസങ്ങൾ | അനർഹമായി കൈമാറിയ ആകെ തുക |
|---|---|---|---|---|---|---|
| 1 | ഫാത്തിമബീവി | 108860201274 വാർദ്ധക്യകാല പെൻഷൻ | 01.01.22 | Suspended | 2/2022 | 1600 (1*1600) |
| 2 | സുകുമാരൻ | 108860200899 വാർദ്ധക്യകാല പെൻഷൻ | 29.03.22 | Suspended | 4/2022-6/2022 | 4800 (3*1600) |
| 3 | ശിവദാസൻ | 108860200249 വാർദ്ധക്യകാല പെൻഷൻ | 14.03.22 | Active | 4/2022-4/2023 | 20800 (13*1600) |
| 4 | സത്യഭാമ | 108860200071 വാർദ്ധക്യകാല പെൻഷൻ | 27.03.22 | Active | 4/2022-4/2023 | 20800 (13*1600) |
| 5 | രാമൻ | 108860201026 വാർദ്ധക്യകാല പെൻഷൻ | 05.04.22 | Active | 5/2022-4/2023 | 19200 (12*1600) |

| | | | | | | |
|---|---|---|---|---|---|---|
| 6 | വേശ്ശ | 108860100473 കർഷകതൊഴിലാളി പെൻഷൻ | 24.04.22 | Active | 5/2022-4/2023 | 19200 (12*1600) |
| 7 | ജാനകി | 108860200615 വാർദ്ധക്യകാല പെൻഷൻ | 16.11.22 | Active | 12/2022-4/2023 | 8000 (5*1600) |
| 8 | മാണിക്യൻ | 108860100326 വാർദ്ധക്യകാല പെൻഷന് | 07.08.22 | Suspended | 09/2022 | 1600 (1*1600) |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളാണ് മേൽ പറഞ്ഞിട്ടുള്ളത്.

2) പെൻഷണറുടെ മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന ഗ്രാമപഞ്ചായത്ത് മരണപ്പെട്ട വ്യക്തി സ്ഥിര താമസമുള്ള /പെൻഷൻ സ്വീകരിക്കുന്ന ഗ്രാമപഞ്ചായത്തിനെ വിവരമറിയിക്കാത്തതിനാൽ മരിച്ച ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഇതു കൂടാതെ പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ് എന്നും ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

സർക്കുലർ നമ്പർ 63/2021/ധന തീയതി :02.06.2021 പ്രകാരം പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരേയും അനർഹരായവരേയും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിൽ അടുത്തമാസം 10 -ാം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ് എന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.

2022-23 വർഷങ്ങളിലെ രണ്ടു വോള്യം മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പെൻഷണറുടെ വിശദാംശങ്ങൾ മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിൽ സമയബന്ധിതമായി അറിയിക്കാത്തതു മൂലം ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും വ്യക്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെപേര് / | പെൻഷൻ ഐ.ഡി/ പെൻഷൻതരം/പെൻഷൻ അനുവദിക്കുന്ന ഗ്രാമ പഞ്ചായത്ത് | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ടതിനുശേഷം തുക കൈമാറിയ മാസങ്ങൾ | അനർഹമായി കൈമാറിയ ആകെ തുക |
|---|---|---|---|---|---|---|
| 1 | കദീജ | 108240201329 വാർദ്ധക്യ കാല പെൻഷൻ ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് | 27.01.2022 | Active | 2/2022-4/2023 | 24000 (15*1600) |
| 2 | ബാലസുബ്രഹ്മണ്യൻ | 102080207541 വാർദ്ധക്യ കാല പെൻഷൻ പാലക്കാട് മുനിസിപ്പാലിറ്റി | 23.01.2022 | Suspended | 2/2022 | 1600 (1*1600) |
| 3 | ജോസഫ് | 108870200695 വാർദ്ധക്യ കാല പെൻഷൻ മലമ്പുഴ ഗ്രാമ പഞ്ചായത്ത് | 11.03.2022 | Active | 4/2022-4/2023 | 20800 (13*1600) |
| 4 | ജാനകി | 109870200108 വാർദ്ധക്യ കാല പെൻഷൻ വട്ടംകുളം ഗ്രാമ പഞ്ചായത്ത് | 11.04.2022 | Active | 5/2022-4/2023 | 19200 (12*1600) |
| 5 | ലക്ഷ്മി | 108890600137 വിധവ പെൻഷൻ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത് | 12.04.2022 | Active | 5/2022-4/2023 | 19200 (12*1600) |

| | | | | | | |
|---|---|---|---|---|---|---|
| 6 | ചെല്ലമ്മ | 108890200176 വാർദ്ധക്യ കാല പെൻഷൻ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത് | 15.09.2022 | Suspended | 10/2022-4/2023 | 11200 (7*1600) |

മരണപ്പെടുന്നവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്ത സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 23/14.08.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-22 വാഹനത്തിന്റെ വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നത്

2.11.2021 തീയതിയിലെ ധനകാര്യ (വ്യയം-ബി) വകുപ്പിന്റെ 103/2021/ധന നമ്പർ ഉത്തരവു പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ -എയ്ഡ് സ്ഥാപനങ്ങൾ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ,സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വീൽസ് ഡാറ്റാ ബേസില് (Www.veels.kerala.gov.in) ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം വാഹനം വീൽസ് ഡാറ്റ ബേസിൽ 30.11.2021 നകം രജിസ്റ്റർ ചെയ്യണമെന്നും, മേലിൽ വീൽസിൽ രജിസ്റ്റർ ചെയ്യാത്ത വാഹനങ്ങളും ഡ്രൈവർമാരുമായും ബന്ധപ്പെട്ട യാതൊരു ചെലവുകളും അംഗീകരിക്കുന്നതല്ലയെന്നും,വാഹനത്തെ സംബന്ധിച്ച് സർക്കാരുമായി നടത്തുന്ന എല്ലാ കത്തിടപാടുകളിലും വാഹനത്തിന് വീൽസിൽ ലഭിച്ച Vindex നമ്പർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

വീൽസ് ഡാറ്റ ബേസ് പരിശോധനയിൽ ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള കെ.എൽ 09- V-8608 -BOLERO എന്ന വാഹനം, ഹരിത കർമ്മ സേനയുടെ ആവശ്യത്തിനായി ഉപയോഗിക്കുന്ന കെ.എൽ 09- AQ-9734-TATA AC എന്ന വാഹനം വീൽസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 26/14.08.2023) ലഭ്യമാക്കിയ മറുപടിയിൽ വാഹനങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

## 1-23 എ.ബി.സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം. | 98/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/-<br>( തനത് ഫണ്ട് )<br>Sanction Order - 278/21-02-2023 |

ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 200000/- രൂപ District Panchayath, Palakkad ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലനം -ജനറൽ - വനിത - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം. | 103/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 625000/- |
| ചെലവ് | 312500/-<br>Sanction Order - 308/02-02-2023 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം

വികസന ഫണ്ടിൽ നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 3,12,500/- രൂപ 02-02-23 ന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-25 സ്റ്റോക്കിലെടുത്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല

ഫയലുകൾ ഹാജരാക്കിയതോടൊപ്പം സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്കായി ഹാജരാക്കിയെങ്കിലും 2022-23 വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രാകാരം വാങ്ങിയ മരുന്നുകൾ/ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. താഴെ പറയുന്ന മരുന്നുകൾ/ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1)എഫ്.എച്ച്.സി യിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ എന്നിവ വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് നം. | 201/23 |
| അടങ്കൽ | 146000/- |
| ചെലവ് | 146000/-<br>92576/- Sanction Order No.253/01-01-23<br>33999/- Sanction Order No. 404/09-03-23<br>19425/- Sanction Order No.469/25-03-23 |

2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ടി പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും GeM പോർട്ടൽ മുഖേനയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബിൽ നം./തി., തുക | ഉപകരണം |
|---|---|---|
| KELTRON IT Business Group, Thiruvananthapuram | 44225, 31-12-22, 92576 | Desktop-Medium End- Windows 11 Home<br>Processor - Intel Core I3 10100@3.6GHZ... |
| CBS Corporate Business Solution Pvt. Ltd., Palakkad | 2022-23/PKD-3466,17-02-23<br>33999/- | Canon Laser Printer MF 3010 |
| POWERON Business Solutions , Palakkad | B-044-PKD,25-03-23<br>19425/- | UPS System Line Interactive DLI650 |

2)ജീവിതശൈലീ രോഗ നിർണ്ണയം

| | |
|---|---|
| പ്രൊജക്ട് നം. | 199/23 |
| അടങ്കൽ | 50000/- |
| ചെലവ് | 41219/-<br>40877/- Sanction Order No.277/20-01-23<br>342/- Sanction Order No. 321/08-02-23 |

ടി പദ്ധതി പ്രകാരം KSCCF Ltd, Regional Warehouse -Thrissur എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.2223107110741/11-01-23 പ്രകാരം 40877/- രൂപയ്ക്ക് 6 ഇനം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

(ഓഡിറ്റ് അന്വേഷണം നം.28/16-08-2023)

## 1-26 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി

| | |
|---|---|
| പ്രൊജക്ട് നം. | 102/23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 152250/- |
| ചെലവ് | 149360/-<br>49360/- Sanction Order No.393/05-03-23<br>100000/- Sanction Order No.429/15-03-23 |

താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള 36 കട്ടിലുകൾ ഒരു കട്ടിലിന്4149/-രൂപ നിരക്കിൽ ARTCO LTD, മലപ്പുറം -ൽ നിന്നും നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സ്പെസിഫിക്കേഷൻ- HW Cot 198 X90cm , Front Leg 60cm, Back Leg -50cm, 8mm Plywood Top .
ബിൽ നമ്പർ- MPM 210/22.02.2023-149360/-

ARTCO യുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 4149 രൂപ ഭരണസമിതി 28.11.2022 ലെ 16(6) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.മേൽ വാങ്ങലുകൾ 25-10-22 ലെ 8ാം നമ്പർ തീരുമാനം പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

പ്രൊജക്ടിന്റെ പരിശോധനയിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കഷേൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ജി.ഒ(ആർടി)നം. 1/2021/SPD തിയതി 05.01.21 പ്രകാരം ARTCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 4/2018/SPD തിയതി 02.02.2018 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ പ്രൈസ് ലിസ്റ്റിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ ഉൾപ്പെടുന്നില്ല. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ച് ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തേണ്ടതും ആയതിൽ ARTCO- വിനും പങ്കെടുക്കാവുന്നതുമാണ്.

മേൽ സൂചിപ്പിചിച വ്യവസ്ഥകൾ പാലിക്കാതെ ഫർണീച്ചറുകൾ നേരിട്ട് ആർട്ട്കോയിൽ നിന്നും വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.14/14-08-23)

## 1-27 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ -ഉപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം. | 118/23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 275000/- |
| ചെലവ് | 69043/- |

| | |
|---|---|
| | Sanction Order No.487/28-03-23 |

2022-23 സാമ്പത്തിക വർഷത്തിൽ വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നടപ്പാക്കുന്നതിനായി 08-12-2022 തിയതിയിൽ മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷനിൽ നിന്നും ടാക്സ് ഇൻവോയ്സ് നമ്പർ .328/22-2- തി.21-03-2023 പ്രകാരം Chromplated Wheel Chair 5 എണ്ണം, Folding Walker Deluxe 17 എണ്ണം എന്നിവ വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 4 എണ്ണം (Chromplated Wheel Chair - 1, Folding Walker Deluxe- 3) വിതരണം ചെയ്യാതെ അങ്കണവാടി നം.47 ൽ സൂക്ഷിച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ ഇല്ലെങ്കിൽ ഇവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.15/14-08-23)

## 1-28 കുരുമുളക് തൈ വിതരണം - വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നം. - 75/23

അടങ്കൽ - 10000/-

ചെലവ് -10000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ കുരുമുളക് തൈകൾ വിതരണം പദ്ധതി നടപ്പാക്കുന്നതിനായി VFPCK, Alathur,Palakkad എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.PKD2223/S1432,തി.16-02-23 പ്രകാരം 500 തൈകൾ 10000/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ബന്ധപ്പെട്ട വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 77 ഗുണഭോക്താക്കളുടെ പേര്, വാർഡ്, ഒപ്പ് എന്നീ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ ഗുണഭോക്താവിനും എത്രയെണ്ണം വീതം നൽകി എന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. തൈകളുടെ വിതരണം സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.18/14-08-2023)

## 1-29 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ജനറൽ, എസ്.സി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ച്കൊണ്ട് താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1)ലൈഫ് മിഷൻ - ഭവന നിർമ്മാണം (ജനറൽ)

| | |
|---|---|
| പ്രൊജക്ട് നം. | 87/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 9200000/- |
| ചെലവ് | 2117913/- |

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.16/14-08-2023).

| വാർഡ് | എഗ്രിമെന്റ് | ഗുണഭോക്താവിന്റെ | നൽകിയ | നൽകാനുള്ള |
|---|---|---|---|---|

| നം. | തിയതി | പേരും വിലാസവും | തുക | തുക |
|---|---|---|---|---|
| 4 | 06-11-21 | ഷമീർ ബാബു, കടവത്ത് ഹൗസ്, ശാസ്താനഗർ | 360000/- | 40000/- |

2)ലൈഫ് മിഷൻ - ഭവന നിർമ്മാണം (എസ്.സി) പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നം. | 84/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 12000000/- |
| ചെലവ് | 3329290/- |

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം – എസ്.സി .പി പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തിയായിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.5/08-08-2023).

| ക്രമ നം. | വാർഡ് നം. | എഗ്രിമെന്റ് തിയതി | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|---|
| 1 | 4 | 16-11-21 | കല്ല്യാണി.സി, ചെറാട്, അകത്തേത്തറ | 360000/- | 40000/- |
| 2 | 6 | 06-11-21 | അനന്തകൃഷ്ണൻ.ജി, ലക്ഷ്മി നിവാസ്, കൽമാഠം | 369290/- | 30710/- |
| 3 | 17 | 16-11-21 | ദാമോദരൻ.കെ, കുന്നത്ത് വീട്, ഉമ്മിണി | 140000/- | 260000/- |
| 4 | 4 | 06-11-21 | കർണ്ണകി.കെ, ലക്ഷംവീട്, ചെറാട് | 360000/- | 40000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

എ)മെയിന്റനൻസ് ഗ്രാന്റ് – റോഡ് വിനിയോഗം

സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ താഴെ പറയും പ്രകാരം 6,16,58,986/- രൂപ ലാപ്സായിട്ടുണ്ട്. തൻവർഷത്തെ ചെലവ് 0.95% മാത്രമാണ്. ജൽജീവൻ മിഷന്റെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയുടെ Restoration പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലാണ് റോഡുകളുടെ മെയിന്റനൻസ് നിർവ്വഹിക്കുവാൻ കഴിയാതിരുന്നത് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന്(നം.-19/14.08.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

| | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 62256000 | 62256000 | 597014 | 61658986 |

ബി) സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ 99% തുകയും ലാപ്സായിട്ടുണ്ടെന്നിരിക്കെ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾക്ക് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാതെ തനത് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 37/23 | കൽമാടം റോഡ് റീകോൺക്രീറ്റിംഗ് | 70000 തനത് ഫണ്ട് | 59379 |

| | | | | |
|---|---|---|---|---|
| 2 | So120/22 | കിഴക്കേ മേലിടം റോഡ് റീകോൺക്രീറ്റിംഗ് | 303000(230000-മെയിന്റനൻസ് റോഡ്, 73000 – തനത് ഫണ്ട്) | 230000-മെയിന്റനൻസ് റോഡ്, 71659-തനത് ഫണ്ട്) |

സി) വാർഷിക പദ്ധതി പുതുക്കൽ

താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾക്ക് തനത് ഫണ്ടിൽ നിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി പിന്നീട് വാർഷിക പദ്ധതി പുതുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് | ബിൽ നം./ തീയതി/ചെലവ് |
|---|---|---|
| 1 | ചെറുങ്ങോട്ടുകാവ് സനോജ് വീട് മുതൽ രാമചന്ദ്രൻ വീട് വരെ ഇന്റർലോക്കിങ്ങ് | 1/05.04.22 – 128979 |
| 2 | പഞ്ചായത്ത് ഓഡിറ്റോറിയം അടുക്കള നവീകരണം | 2/05.04.22 – 36889 |
| 3 | കിഴക്കെ മേലിടം റോഡ് റീകോൺക്രീറ്റിംഗ് | 4/05.04.22 – 71659 |

ക്രമ നം. -3 പ്രകാരമുള്ള പ്രൊജക്ടിന്റെ അടങ്കൽ 303000(230000 – മെയിന്റനൻസ് റോഡ്, 73000 – തനത് ഫണ്ട്) ആണ്. ആകെ പ്രവൃത്തി മൂല്യം – 301659/-

പാർട്ട് ബിൽ പ്രകാരമുള്ള പദ്ധതി ചെലവ് – 230000 ( മെയിന്റനൻസ് റോഡ്)

ഓഡിറ്റ് നിർദ്ദേശം

→നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന ഭേദഗതിയില്ലാത്ത മുൻവർഷത്തെ പ്രൊജക്ടുകൾ ഏപ്രിൽ മുതൽ തുടർന്നും നടപ്പാക്കാവുന്നതാണ്. അവയ്ക്ക് വെറ്റിംഗും ഡി.പി.സി അംഗീകാരവും ആവശ്യമില്ലെങ്കിലും പിന്നീട് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

→സ്പിൽ ഓവറായി അടുത്ത വർഷം തുടരേണ്ട ഒരു പ്രൊജക്ടിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ വെറ്റിംഗ് ഓഫീസറുടെയും, ഡി.പി.സിയുടെയും അംഗീകാരം ലഭ്യമാക്കിയതിനു ശേഷം മാത്രം നിർവ്വഹണം നടത്താവുന്നതാണ്.

1-31 പദ്ധതിയുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കിയില്ല – പ്രവൃത്തി പൂർത്തീകരണ കാലതാമസം

So28/23 – സൂര്യ നഗർ കൾവർട്ട്

അടങ്കൽ - 700000( CFC)

ചെലവ്-601861

കരാറുകാരൻ - ശ്രീ. സുനിൽ പോൾ

എഗ്രിമെന്റ് നം- 2/10.08.21

അളവു പുസ്തകം - 10/21-22

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പ്രകാരം കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ച നിലവിലെ കൾവർട്ട് പൊളിച്ചുമാറ്റി പുതിയ നിർമ്മാണം നടത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. അനുവദിച്ച ഫണ്ട് മുഴുവൻ കൾവർട്ട് നിർമ്മാണത്തിന് ആവശ്യമായതിനാൽ പഴയ കൾവർട്ട് പൊളിച്ചു മാറ്റുന്ന പ്രവൃത്തി പഞ്ചായത്ത് ഏറ്റെടുത്തതിനാൽ ഡെമോളിഷിങ്ങ് പ്രവൃത്തിയും ,നിർമ്മാണം വേനലിൽ നടത്താൻ ഉദ്ദേശിച്ചതാകയാൽ Bailing Out പ്രവൃത്തിയും ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ പഴയ കൾവർട്ട് പൊളിച്ചു മാറ്റൽ പഞ്ചായത്ത് മുഖേന നിർവ്വഹിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ ഡെമോളിഷിങ്ങ് പ്രവൃത്തി ഭേദഗതി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടി വന്നു.

നിർമ്മാണം നടത്തുന്ന തോടിന് Upstream Level ൽ Water Purifying Plant ഉള്ളതിനാൽ ഇടവേളകൾ ഇല്ലാതെ Back Wash Water ഈ തോടിലൂടെ ഒഴുകി വരുന്നതിനാൽ കൾവർട്ട് നിർമ്മാണത്തിൽ Bailing Out പ്രവൃത്തിയും ഭേദഗതി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൾവർട്ടിന്റെ Approach Road Concreting, Bed Protection, Dry Packing For Aprons എന്നീ പ്രവൃത്തികളും ഭേദഗതി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആദ്യത്തെ എസ്റ്റിമേറ്റിൽ Culvert Wall ന്റെ ഉയരം 2.7m ആയാണ് കണക്കാക്കിയിരുന്നത്. കൾവർട്ടിന്റെ ഭാഗം മണ്ണടിഞ്ഞ് കിടന്നിരുന്നതിനാൽ ഉയരം കൃത്യമായി നിശ്ചയിക്കാൻ സാധ്യമായില്ല എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. കൾവർട്ടിന് 1.7m ഉയരം മാത്രം ആവശ്യമായതിനാൽ സേവിങ്ങ്സ് വന്ന ഫണ്ട് വിനിയോഗിച്ചാണ് അധിക പ്രവൃത്തികൾ ചെയ്തിട്ടുള്ളത്.

പഞ്ചായത്ത് ഭരണസമിതിയുടെ 25.02.22തീയതിയിലെ 10(4)-ാം നമ്പർ തീരുമാനം പ്രകാരം അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 8.02.22ന് ആരംഭിച്ച പ്രവൃത്തി 28.12.22ന് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

ഡെമോളിഷിങ്ങ് പ്രവൃത്തി പഞ്ചായത്ത് മുഖേന നിർവ്വഹിക്കുന്നതിന് കാലതാമസം നേരിട്ടത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് അന്വേഷണം നം- 21/14.08.23)മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കിയിരുന്നുവെങ്കിൽ പൂർത്തീകരണ കാലതാമസം ഒഴിവാക്കാമായിരുന്നു.

## 1-32 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

സാമ്പത്തിക വർഷം പൂർത്തീകരിച്ച താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ജി.ഒ(പി) 13/2012 PWD/1.02.12 വ്യവസ്ഥകൾ അനുസരിച്ചല്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവു മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ , കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി PACയുടെ 1% വരെ ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചതിനു ശേഷമാണ് കരാറുകാരന് തുക നൽകാവുന്നത്.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതിരുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിയിരുന്നതിനാൽ പൂർത്തീകരണ കാലാവധി പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം (4(2)/15.10.22 ) 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. പരമാവധി ദീർഘീകരണം അനുവദിച്ചിട്ടും പ്രവൃത്തി പിന്നെയും 4 മാസം വൈകിയിട്ടുണ്ട്. നിർവ്വഹണ കാലാവധി പരമാവധി പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിച്ചിട്ടുമുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീ കരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീ കരിച്ച തിയതി | ഈടാക്കേണ്ടിയിരുന്ന മിനിമം പിഴ(1%) |
|---|---|---|---|---|---|
| 2. | S028/23 – സൂര്യ നഗർ കൾവർട്ട്<br>അടങ്കൽ – 700000( CFC)<br>ചെലവ്- 601861<br>PAC- | 10.08.2021 | 10.02.22<br>10.08.22 പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം ദീർഘിപ്പിച്ചത്) | 28.12.2022 | 5368 |

| | | | | | |
|---|---|---|---|---|---|
| 536754/-<br>കരാറുകാരൻ - ശ്രീ. സുനിൽ പോൾ<br>എഗ്രിമെന്റ് നം- 2/10.08.21<br>അളവു പുസ്തകം - 10/21-22<br>ഫൈനൽ ബിൽ - 12/6.03.23<br>തുക - 248496/-<br>പൂർത്തീകരണ കാലാവധി - 6 മാസം | | | | | |

മേൽ പ്രകാരം പിഴയിനത്തിൽ 5368/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം- 22/14.08.23)

1-33 ഇ-ടെണ്ടർ ഫീ - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 75010/- രൂപ തനത് ഫണ്ടിലേക്ക് അടവാക്കി

അസി. എഞ്ചിനീയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ അക്കൗണ്ടിൽ വരവ് വരുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ ഇ-ടെണ്ടർ നടത്തിയ ഇനത്തിൽ തനത് ഫണ്ടിൽ നാളിതു വരെ തുകകളൊന്നും വരവ് വന്നിരുന്നില്ല. ഇത്തരത്തിൽ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് വരവ് വരേണ്ട തുകകളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 25/14.08.23) അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നാളിതുവരെ വരവ് വന്ന 75010/രൂപ തനത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. (ചെക്ക് നം -525639/17.06.23, രസീത് നം - 1230100886/17.06.23)

ഇ-ടെണ്ടർ ഫീ സമയബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2022-23 | 5.8.2023 മുതൽ 17.8.2023വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മലമ്പുഴ | 2022-23 | 504989 | 66/23 സമഗ്ര നെൽകൃഷി | 504989 | 0 |
| | 2022-23 | | /23ലൈഫ് മിഷൻ (എസ്.സി.പി) | | 0 |
| | 2022-23 | 100000 | 102/23വയോജനങ്ങൾക്ക് കട്ടിൽ | 100000 | 0 |
| | 2022-23 | 200000 | 99/23 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2022-23 | 50000 | 195/23-ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 50000 | 0 |
| | 2015-16 | 59890 | പാലിയേറ്റീവ് കെയർ | 0 | 59890 |
| | 2017-18 | 319966 | ലൈഫ് മിഷൻ | 0 | 319966 |
| | 2017-18 | 40400 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 40400 |
| | 2015-16 | 200000 | സംയുക്ത ഭവനം-വനിത | 0 | 200000 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 351517 | 66/23 സമഗ്ര നെൽകൃഷി | 351517 | 0 |
| | 2022-23 | 300000 | 99/23 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 2022-23 | 50000 | 195/23-ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 50000 | 0 |
| | 2017-18 | 175180 | ലൈഫ് മിഷൻ | 0 | 175180 |

### 4-3 നിക്ഷേപ പ്രവൃത്തി

ഓഡിറ്റ് വർഷത്തിൽ കെഎസ്ഇബി ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | 165/22-വിവിധ വാർഡുകളിൽ | 525111 | 0 | 525111 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | | |

കെഎസ്ഇബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | തൻ വർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| PMAY KURDFC Loan | - | - | 17519428 | 2440342 | 0 | 15079086 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24704/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019- 20 | 1-12 | 24704 | ശ്രീ എ.ബി ഹേമചന്ദ്രൻ | 1220101533/6.07.22 |
| | ആകെ | 24704/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-3 | 2011-12 | 2.5 | പദ്ധതിഫണ്ടിന്റെ സമയബന്ധിതവിനിയോഗം ഉറപ്പാക്കുകയോ, വിനിയോഗിക്കപ്പെടാത്ത തുക തിരിച്ചടക്കുകയോ ചെയ്യുന്നില്ല - KWA - 510000 | സിറ്റിംഗ് നടന്നിട്ടില്ല |
| | | 2012-13 | 3.3 | ആരോഗ്യ മേഖല | സിറ്റിംഗ് നടന്നിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അധ്യായം -1 | വസ്തു നികുതി | സിറ്റിംഗ് നടന്നിട്ടില്ല |
| 2014-15 | 2-1 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |
| 2015-16 | 2-2 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |
| 2019-20 | 1-36 | 2020-21 | അനുബന്ധം-2 | Medical Officer (Payment) PHC/CHC | സിറ്റിംഗ് നടന്നിട്ടില്ല |
| 2019-20 | 1-33 | 2020-21 | അനുബന്ധം-2 | Medical Officer (General) PHC/CHC | സിറ്റിംഗ് നടന്നിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 65270059 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42758436 |
| നീക്കിയിരിപ്പ് | 22511623 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഭാഗം-1പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| 1-32 | 5368 | ശ്രീ അജിത് കുമാർ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അജിത് കുമാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മങ്കര ഗ്രാമപഞ്ചായത്ത് | മൈലാവിൽ ഹൗസ്, മങ്കര പി.ഒ<br>പാലക്കാട് -678004 |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ |
|---|---|---|
| 1996-97 | കെ.എസ്.എ പി.കെ.ഡി 14-301/19/ 3-09-2022 | 12 |
| 1997-98 | | 11 |
| 1998-99 | | 3 |
| 1999-00 | | 7 |
| 2000-01 | | 19 |
| 2001-02 | | 10 |
| 2002-03 | | 7 |
| 2003-04 | | 6 |
| 2004-05 | | 1 |
| 2005-06 | | 4 |
| 2006-07 | | 9 |
| 2007-08 | എൽ.എഫ്.പി14-38/2011/24-1-11 | 7 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി. 14-212/16/27-10-2016 | 2 |
| 2009-10 | എൽ.എഫ്.പി14-2088/2012/ 9.11.2012 | 3 |
| 2010-11 | കെ.എസ്.എ-പി.കെ.ഡി.14-215/15/14.10.16 | 6 |
| 2011-12 | എൽ.എഫ്.പി14-1787/2015/ 30-5-2016/22.8.16 | 16 |
| 2012-13 | നം.കെ.എസ്.എ-പി.കെ.ഡി 14/ 303/16/18.10.16 | 11 |
| 2013-14<br>2014-15 | നം.കെ.എസ്.എ-പി.കെ.ഡി 14/2264/16,29-03-2017 | 8 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി. 14/210/2017/8.01.2018 | 6 |
| 2016-17 | നംകെ.എസ്.എ.പി.കെ.ഡി. 847/2018/4.06.2018 | 11 |
| 2017-18 | നം. കെ.എസ്.എ.പി.കെ.ഡി 14/85/19/15.10.2019 | 39 |
| 2018-19 | നം. കെ.എസ്.എ. പി.കെ.ഡി 14/79/2020/25.06.2020 | 13 |
| 2019-20 | നം. കെ.എസ്.എ. പി.കെ.ഡി 14/673/21 | 60 |
| 2020-21 | നം.കെ.എസ്.എ. പി.കെ.ഡി 14/ 1441/22/14.7.2022 | 28 |
| 2021-22 | നം.കെ.എസ്.എ. പി.കെ.ഡി 14/ 470/23/18.4.2023 | 13 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Akathethara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Akathethara Grama Panchayat for the year 2022-2023

Date: 18/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Akathethara Grama Panchayat for the Year 2022-2023.

**1.Major Observations**

1.Nil

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Cashflow statement- Net increase /decrease in cashflow not in accordance with the difference between the opening balance and closing balance of cash and cash equivalents.

3. Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance
sheet could not be ascertained.

4. Misclassification ofpayment vouchers.

5. Depreciation not provided for assets.

6. Lapse in making timely demand entries in respect of taxes.

7. Collection register of library receipts does not match with AFS

8. The value of non-accrual receipts differ in R&P schedule and in I&E schedule.

9.Cheques uncashed for more than 3 months were not transferred to Stale cheque account.

10. Capital expenses of completed assets do not reflect in Balance sheet schedule.

11.E-Tender fee collection for the financial year not accounted in own fund account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-3

## വാർഷിക ധനകാര്യ പത്രികകൾ

| Akathethara Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9617839.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 316488.00 |
| 140000000 | Fee & User Charges | I-4 | 1180689.00 |
| 150000000 | Sale & Hire Charges | I-5 | 141574.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 106298590.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 482602.00 |
| 180000000 | Other Income | I-9 | 43417.00 |
| 190000000 | Prior Period Income | I-19 | 129851.00 |
| | Total Income | | 236162398.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 17091096.00 |
| 220000000 | Administrative Expenses | I-11 | 1692066.00 |
| 230000000 | Operations & Maintenance | I-12 | 4543715.00 |
| 240000000 | Interest & Finance Charges | I-13 | 198.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6463996.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 28784138.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3569662.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 16821788.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 37874700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1075540.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 235833798.00 |
| | Gross Surplus / Deficit of income over Expenditure | | 328600.00 |
| | Gross Surplus / Deficit of income over Expenditure | | 326880.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -131571.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -1720.00 |

| Akathethara Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24005343.00 |
| Cash | Cash | RP-40(a) | 19057.00 |
| | Operating | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 3753000.00 |
| 130000000 | Rental income from Panchayat Properties | RP-3 | 236799.00 |
| 140000000 | Fees & User Charges | RP-4 | 873933.00 |
| 150000000 | Sale & Hire Charges | RP-5 | 141574.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14312000.00 |
| 171000000 | Interest Earned | RP-9 | 482602.00 |
| 190000000 | Prior Period Income | RP-11 | 127435.00 |
| 220000000 | Administrative Expenses | RP-13 | 200.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 1371.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11965578.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8181936.00 |
| 460000000 | Loans, Advances and Deposits | RP-49 | 11000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 43417.00 |
| 340000000 | Deposits Received | RP-33 | 275165.00 |
| 350000000 | Other Liabilities | RP-35 | 839649.00 |
| | Grand total | | 130540118.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 21970.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 957073.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2474886.00 |
| 460000000 | Loans, Advances and Deposits | RP-49 | 277364.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 223912.00 |
| 350000000 | Other Liabilities | RP-35 | 38803231.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 22483273.00 |
| Cash | Cash | RP-40(b) | 28350.00 |
| | Grand Total | | 130540118.00 |

| Akathethara Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37418702.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 32725881.00 |
| | Total Reserve & Surplus | | 140289167.50 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13153842.00 |
| | Total Grants, Contributions for Specific Purposes | | 26307684.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 15079086.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 30158172.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2025459.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2107129.25 |
| 360000000 | Provisions | B-10 | 56206.00 |
| | Total Current Liabilities and Provisions | | 8377588.50 |
| | TOTAL LIABILITIES | | 205132612.00 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 6675987.00 |
| 412000000 | Capital Work in Progress | B-11(b) | 1942847.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 492047.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 26288468.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 33696397.00 |
| 416000000 | Accumulated Depreciation | B-11(a) | -8195755.00 |
| | Total Fixed Assets | | 121799982.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 110555.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2510247.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 15079086.00 |
| 450000000 | Cash and Bank Balance | B-17 | 22511623.00 |
| 460000000 | Loans, Advances and Deposits | B-18 | 1454804.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 83332630.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 205132612.00 |

Deputy Director